# സ്വാതന്ത്ര്യസമര ക്വിസ്

1

**കൂട്ടുകാരേ, വീണ്ടും ഒരു സ്വാതന്ത്ര്യദിനം കടന്നുവരികയാണ്. കൂട്ടുകാർ നമ്മുടെ സ്വാതന്ത്ര്യ സമരചരിത്രത്തെ കുറിച്ച് നേടിയ അറിവുകൾ പരീക്ഷിക്കൂ.**

1. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ആദ്യ രക്തസാക്ഷി?
2. രക്തസാക്ഷികളുടെ രാജകുമാരൻ എന്നറിയപ്പെടുന്നതാര്?
3. ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള ബന്ധത്തിനു നടുവിൽ ഭഗത്സിംഗിന്റെ മൃതദേഹം എക്കാലവും തൂങ്ങിനിൽക്കുക തന്നെ ചെയ്യുമെന്ന് അഭിപ്രായപ്പെട്ടതാര്?
4. 'സാരെ ജഹാൻസെ അച്ഛാ... ഹിന്ദുസ്താൻ ഹമാരാ...' എന്ന ദേശീയ ഗീതം എഴുതിയത് ആര്?
5. അയിത്ത ജാതിക്കാർക്കൊപ്പം ഭൂരഹിതരും പാട്ടക്കാരും തൊഴിലാളികളും ഉൾപ്പെട്ട 'ഇൻഡിപെൻഡന്റ് ലേബർ പാർട്ടി' രൂപവത്കരിച്ചത് ആര്?
6. 1912 ജൂൺ ഒന്നിന് കൊൽക്കത്തയിൽ നിന്നും 'അൽഹിലാൽ' എന്ന ഉർദുദിനപത്രം ആരംഭിച്ചത് ആര്?
7. രാഷ്ട്രപിതാവ് എന്ന വിശേഷണം ഗാന്ധിജിക്ക് നൽകിയത് ആര്?
8. ബ്രിട്ടീഷുകാർക്കെതിരെ പോരാടിയ മലബാറിലെ രാജാവ് ആര്?
9. ജാലിയൻ വാലാബാഗ് കൂട്ടക്കൊല നടന്നത് എവിടെ വെച്ചാണ്?
10. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യ വനിതാപ്രസിഡന്റ്?
11. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യത്തെ ഇന്ത്യക്കാരിയായ വനിതാ പ്രസിഡന്റ്?
12. ആരാണ് ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ സ്ഥാപിച്ചത്?



അല്ലാമ ഇഖ്ബാൽ



അബുൽ കലാം ആസാദ്

» ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിതമായത്– 1885 ഡിസംബർ 28

## 2 ഫോട്ടോ ക്വിസ്

ഈ ഫോട്ടോകളിൽ ഗാന്ധിജിക്കൊപ്പം നിൽക്കുന്നവരുടെ പേരുകൾ യഥാക്രമം പറയാമോ?

1



2



3



4



» ഗാന്ധിജിയെ ആദ്യമായി 'മഹാത്മാ' എന്ന് വിളിച്ചത്– രബീന്ദ്രനാഥ ടാഗോർ

## 3 കുറിപ്പ് തയ്യാറാക്കൂ...

താഴെ കൊടുത്തിരിക്കുന്ന ഫോട്ടോകൾ ശ്രദ്ധിക്കൂ. ഇവരെ അറിയാമോ?
ഇവരെക്കുറിച്ച് കുറിപ്പുകൾ തയ്യാറാക്കൂ.







## 4 ചേരുംപടി ചേർക്കുക

താഴെ പറയുന്ന പുസ്തകങ്ങൾ ഇന്ത്യയെക്കുറിച്ചും ഇന്ത്യൻ സ്വാതന്ത്ര്യത്തെക്കുറിച്ചും എഴുതിയവയാണ്. അവ ചേരുംപടി ചേർക്കുക.

| | |
|---|---|
| 1. ഇന്ത്യയെ കണ്ടെത്തൽ | a. മഹാത്മാഗാന്ധി |
| 2. ഇന്ത്യ വിഭജിക്കുന്നു | b. ബി. ആർ അംബേദ്കർ |
| 3. അൺ ഹാപ്പി ഇന്ത്യ | c. ജവഹർലാൽ നെഹ്റു |
| 4. ഗാന്ധിയും കോൺഗ്രസും അയിത്ത ജാതിക്കാർക്ക് ചെയ്യുന്നത് | e. ലാലാ ലജ്പത്റായ് |
| 5. ഹിന്ദ് സ്വരാജ് | d. രാജേന്ദ്രപ്രസാദ് |








» ടിപ്പു സുൽത്താൻ മൈസൂർ കടുവ എന്നറിയപ്പെടുന്നു.

## 1 ഉത്തരങ്ങൾ

1. മംഗൾ പാണ്ഡെ
2. ഭഗത് സിംഗ്
3. ജവഹർലാൽ നെഹ്റു
4. മുഹമ്മദ് ഇഖ്ബാൽ
5. ബി.ആർ അംബേദ്കർ
6. മൗലാനാ അബുൽ കലാം ആസാദ്
7. സുഭാഷ് ചന്ദ്രബോസ്
8. പഴശ്ശി രാജ
9. അമൃത്സർ
10. ആനിബസന്റ്
11. സരോജിനി നായിഡു
12. ചന്ദ്രശേഖർ ആസാദ്

## 2

1. ഖാൻ അബ്ദുൽ ഗാഫർ ഖാൻ (അതിർത്തി ഗാന്ധി)
2. അബുൽ കലാം ആസാദ്
3. രബീന്ദ്രനാഥ ടാഗോർ
4. സുഭാഷ് ചന്ദ്രബോസ്

## 3

**1. ബി.ആർ. അംബേദ്കർ**

നമ്മുടെ രാജ്യത്ത് തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും കണ്ടുകൂടാത്തവരുമായി കരുതിയ ഒരു വലിയ വിഭാഗം ജനതയുടെ മോചനത്തിനായി പോരാടി. 1947-ൽ നിയമകാര്യ മന്ത്രിയായി; ഭരണഘടനാ നിർമ്മാണ കമ്മിറ്റി ചെയർമാനുമായി.

**2. താന്തിയോതോപ്പി**

ശിപായി ലഹള എന്ന അപരനാമത്തിൽ അറിയപ്പെടുന്ന 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിലെ പോരാളികളിൽ ഒരാൾ. റാണി ലക്ഷ്മി ഭായിക്കും നാനാസാഹിബിനുമൊപ്പം ബ്രിട്ടീഷുകാർക്കെതിരെ പൊരുതി. രണ്ടു വർഷം കഴിഞ്ഞ് ബ്രിട്ടീഷുകാർ ഇദ്ദേഹത്തെ വധിച്ചു.

**3. കെ. കേളപ്പൻ**

കോഴിക്കോട് ജില്ലയിലെ പയ്യോളിയിൽ ജനിച്ചു. കേരള ഗാന്ധി എന്നറിയപ്പെടുന്നു. ഗുരുവായൂർ സത്യഗ്രഹം ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആയിരുന്നു. കോഴിക്കോടും പയ്യന്നൂരും നടന്ന ഉപ്പു സത്യഗ്രഹവും ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആയിരുന്നു.

**4. ഭഗത്സിംഗ്**

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ വിപ്ലവകാരികളിൽ ഒരാൾ. 'ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിൽ അസോസിയേഷൻ' എന്ന വിപ്ലവ സംഘടനയുടെ സ്ഥാപകരിലൊരാൾ. ലാഹോറിലെ അസംബ്ലിയിൽ ബോംബെറിഞ്ഞ കേസിൽ ഇരുപ ത്തി മൂന്നാം വയസ്സിൽ ബ്രിട്ടീഷ് സർക്കാർ തൂക്കി ലേറ്റി.

**5. ക്യാപ്റ്റൻ ലക്ഷ്മി**

സുഭാഷ് ചന്ദ്രബോസ് വിദേശത്ത് സ്ഥാപിച്ച ഐ.എൻ.എയിലെ ഝാൻസിറാണി റെജിമെന്റിന്റെ കേണലായി പ്രവർത്തിച്ചു. പാലക്കാട് ജില്ലയിലെ ആനക്കരയിലായിരുന്നു ജനനം.

## 4

1. c
2. e
3. d
4. b
5. a

» ഗാന്ധിജിയെ ഏറ്റവുമധികം സ്വാധീനിച്ച പുസ്തകം- 'അൺ ടു ദിസ് ലാസ്റ്റ്'